# പതിമൂന്നാം കേരളനിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. T2383 18.02.2016 ൽ മറുപടിയ്ക്ക്

## സിക്കിൽ സെൽ അനീമിയ, ഹീമോഫീലിയ രോഗികൾക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം<br>ശ്രീ. പി.കെ.ബഷീർ | | മറുപടി<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സിക്കിൽ സെൽ അനീമിയ (അരിവാൾ രോഗം),ഹീമോഫീലിയ എന്നിവ ബാധിച്ച രോഗികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾഎന്തെല്ലാം വിശദമാക്കുമോ; | (എ) | സിക്കിൽ സെൽ അനീമിയ (അരിവാൾ രോഗം) ബാധിച്ച രോഗികൾക്ക് സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി പ്രകാരം അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലെ ചികിത്സക്ക് പരമാവധി അമ്പതിനായിരം രൂപ വരെ ചികിത്സാ ധനസഹായം നൽകുന്നതിന് 08.01.2016 ലെ 129/2016/ആ.കു.വ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ സിക്കിൽ സെൽ അനീമിയ (അരിവാൾ രോഗം) ബാധിച്ച രോഗികൾക്ക് സർക്കാർ മെഡിക്കൽ കോളേജിൽ നിന്ന് രക്തം സൗജന്യമായി കൊടുക്കുന്നു. ട്രൈബൽ വിഭാഗത്തിലെ രോഗികൾക്ക് പ്രതി മാസം 2000/- രൂപ വീതം പട്ടിക വർഗ വികസന വകുപ്പും, നോൺട്രൈബൽ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന പ്രതിമാസം 1000/- രൂപ വീതവും ധനസഹായമായി നൽകി വരുന്നു.<br><br>ഹീമോഫീലിയ രോഗം ബാധിച്ച് വരുന്ന രോഗികൾക്ക് ഫാക്ടർ 8, 9 എന്നിവ സൗജന്യമായി കൊടുക്കുന്നു. എല്ലാ മാസവും ആദ്യത്തെ ശനിയാഴ്ച ഹീമോഫീലിയ രോഗികൾക്ക് പ്രത്യേക ക്ലിനിക്ക് നടത്തുന്നുണ്ട്. എല്ലാ ദിവസവും വരുന്ന ഹീമോഫീലിയ രോഗികൾക്ക് വേണ്ട ചികിത്സയും, കൗൺസിലിംഗും നടത്തുന്നുണ്ട്. അംഗ വൈകല്യത്തിനുള്ള സർട്ടിഫിക്കറ്റും, ട്രെയിനിൽ യാത്രാസൗജന്യത്തിനുള്ള സർട്ടിഫിക്കറ്റും കൊടുക്കുന്നുണ്ട്. കൂടാതെ ഹീമോഫീലിയ രോഗികൾക്ക് വരുമാന പരിധിയില്ലാതെ 1000/- രൂപ നിരക്കിലുള്ള പ്രതിമാസ ധനസഹായം സാമൂഹ്യ സുരക്ഷ മിഷൻ നൽകി വരുന്നു. |
| (ബി) | ഇവർക്ക് പെൻഷൻ നൽകുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (ബി) | സിക്കിൽ സെൽ അനീമിയ (അരിവാൾ രോഗം) ബാധിച്ച ട്രൈബൽ വിഭാഗത്തിലെ രോഗികൾക്ക് പ്രതി മാസം 2000/-രൂപ വീതം പട്ടിക വർഗ വികസന വകുപ്പും, നോൺട്രൈബൽ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന പ്രതിമാസം 1000/- രൂപ വീതവും ധനസഹായമായി നൽകി വരുന്നു |

| | | | |
|---|---|---|---|
| | | | കൂടാതെ ഹീമോഫീലിയ രോഗികൾക്ക് വരുമാന പരിധിയില്ലാതെ 1000/- രൂപ നിരക്കിലുള്ള പ്രതിമാസ ധനസഹായം സാമൂഹ്യ സുരക്ഷ മിഷൻ നൽകി വരുന്നു. നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോമിൽ ബന്ധപ്പെട്ട രേഖകൾ ഉൾപ്പെടെ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് ധനസഹായം അവരവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് RTGS ട്രാൻസ്ഫർ ചെയ്ത് നൽകുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചു വരുന്നത്. |
| | | | |

സെക്ഷൻ ഓഫീസർ